404 · XX SEP 20..

OFFICE OF THE ... WELFARE ... TRIVANDRUM

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടി കേന്ദ്രങ്ങളുടെ വാടക നിർണ്ണയം- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റൻറ് എഞ്ചിനീയർമാർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.2733/10/തസ്വഭവ                തിരുവനന്തപുരം, തീയതി : 13-08-10

---

പരാമർശം:-23-6-10-ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐസിഡിഎസ്/എ2-2208/09 , നമ്പർ കത്ത്.

## ഉത്തരവ്

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ വാടക നിശ്ചയിക്കുന്നതിനുള്ള അധികാരം നിലവിൽ പൊതുമരാമത്തു വകുപ്പിനാണെന്നും തമ്മൂലം വാടകനിശ്ചയിച്ച് ലഭിക്കുന്നതിനായി വളരെ അധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നും ഇതിനു പരിഹാരമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റൻറ് എഞ്ചിനീയർമാരെ അംഗൻവാടികെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തി ഉത്തരവ് നൽകണമെന്നും പരാമർശകത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനമെന്നനിലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടകനിർണ്ണയിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റൻറ് എഞ്ചിനീയർമാർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3)അംഗൻവാടി കെട്ടിടങ്ങളുടെ വാടക പൊതുമരാമത്ത് വകുപ്പിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട അസിസ്റ്റൻറ് എഞ്ചിനീയർമാർ നിർണ്ണയിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെഉത്തരവിൻ പ്രകാരം
ബി.സരസ്വതിഅമ്മ,
അഡീഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: പൊതുമരാമത്ത് വകുപ്പിന്.

പുറത്തെഴുത്ത് കത്ത് നമ്പർ ICDS/A2/2208/09 ഉത്തരവിൻപ്രകാരം
തീയതി 20.09.2010

സെക്ഷൻ ഓഫീസർ.

എല്ലാ DSWO മാർക്കും/ PO മാർക്കും/
CDPO മാർക്കും - അറിവിലേക്കും അനന്തര
നടപടികൾക്കുമായി അയക്കുന്നു

23/9/10